## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5839

07.07.2014- ലെ
മറുപടിക്ക്.

### കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം നിരീക്ഷിക്കുന്നതിനു സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമനിക് പ്രസന്റേഷൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എം. എ. വാഹിദ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) മിഷൻ 676-ന്റെ ഭാഗമായി കേന്ദ്ര പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും നിർവ്വഹണം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ആസൂത്രണ ബോർഡിൽ ഏർപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) മിഷൻ 676-ന്റെ ഭാഗമായി കേന്ദ്ര പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും നിർവ്വഹണം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ആസൂത്രണ ബോർഡിൽ ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സംസ്ഥാനത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും മറ്റ് കേന്ദ്ര പദ്ധതികളുടെയും നിർവ്വഹണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തുക, ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുക തുടങ്ങിയവയാണ് ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിൽ പ്രത്യേക മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം ടെക്നോപാർക്കിലുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് എന്ന സംസ്ഥാന സർക്കാർ സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

Bijumon
സെക്ഷൻ ഓഫീസർ